# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1415 04.12.2014 ലെ മറുപടിയ്ക്ക്

## ദേശീയപാതാ വികസനം

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന ദേശീയപാതാ വികസനത്തിൽ നിന്നും നാഷണൽ ഹൈവേ അതോറിറ്റി പിൻമാറിയിട്ടുണ്ടോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) കേരളത്തിലെ ദേശീയപാത 17- ഉം 47- ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡോടുകൂടി നാലുവരി പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര മന്ത്രാലയം എൻ.എച്ച്.എ.ഐ. യെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ ദേശീയപാത 17 ന്റെ കേരള - കർണ്ണാടക അതിർത്തി മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗവും എൻ.എച്ച് 47 ന്റെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗവും പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ദേശീയപാതാ അലൈൻമെന്റ് മാറ്റം വരുത്തുന്നത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റിയുടെ മറുപടി എന്തായിരുന്നു; ഇതനുസരിച്ച് എന്തു തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ബി) അംഗീകരിച്ച അലൈൻമെന്റിൽ മാറ്റം വരുത്തുവാൻ നാഷണൽ ഹൈവേ അതോറിറ്റി തയ്യാറല്ല. എന്നാൽ അലൈൻമെന്റിൽ ഉൾപ്പെട്ട സംരക്ഷിക്കപ്പെടേണ്ട സ്മാരകങ്ങളും ആരാധനാലയങ്ങളും മറ്റും വരുന്ന ഘട്ടത്തിൽ ഉണ്ടാകുന്ന തർക്കങ്ങൾ പരിശോധിക്കുവാൻ സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) ദേശീയപാതാ വികസനത്തിന് പാതയുടെ വീതി എത്രയായിരിക്കണമെന്ന് | (സി) സംസ്ഥാന സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നം.94/2014/പി.ഡബ്ല്യു.ഡി. തീയതി 25.10.2014 പ്രകാരം ദേശീയപാത വികസനം 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ |

| | |
|---|---|
| തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | തന്നെ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) ദേശീയപാതാ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെങ്കിലും പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) 1956 ലെ NH Act ലെ വ്യവസ്ഥകൾ അനുസരിച്ച് CALA [Competent Authority for Land Acquisition] ആണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. എന്നിരുന്നാലും നഷ്ട പരിഹാരം നിർണ്ണയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ R&R പാക്കേജിലെ വ്യവസ്ഥകൾകൂടി പരിഗണിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**